# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.473 28.02.2017 - ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. റോജി. എം. ജോൺ

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ആവർത്തന ചെലവുകൾ**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ വരവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ 31.12.2106 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം ഈ സാമ്പത്തിക വർഷത്തിലെ (2016-17) ശരാശരി പ്രതിമാസ റവന്യൂ വരവ് 5600.83 കോടിയും ശരാശരി പ്രതിമാസ റവന്യൂ ചെലവ് 7142.31 കോടി രൂപയുമാണ്. |
| (ബി) | 2016-17 ലെ വാർഷിക പദ്ധതിക്ക് വേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾക്കായി വകമാറ്റേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | വാർഷിക പദ്ധതിക്കായി വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം ആവർത്തന ചെലവുകൾക്കായി ചെലവഴിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ